LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമപെൻഷനുകളുടെ വിതരണം

304 (1778) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകളുടെ വിതരണം കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിവിധ പെൻഷൻ പദ്ധതികളിലായി എത്ര മാസത്തെ തുക കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷേമ പെൻഷനുകൾ യഥാസമയം വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ക്ഷേമ പെൻഷനുകൾ യഥാസമയം വിതരണം ചെയ്യുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവിധ ക്ഷേമപെൻഷനുകളിലായി 2014 ഡിസംബർ, 2015 ജനുവരി, 2015 സെപ്തംബർ, 2015 ഒക്ടോബർ, 2015 നവംബർ എന്നീ മാസങ്ങളിലെ തുക കുടിശ്ശികയായിട്ടുണ്ട്.

(സി&ഡി) ക്ഷേമപെൻഷനുകൾ യഥാസമയം വിതരണം ചെയ്യാൻ സാധിക്കാതെ വന്നതിന്റെ കാരണങ്ങൾ അന്വേഷിച്ചുവരുന്നു. ഇതിനുശേഷം ഉചിതമായ നടപടികൾ ആവശ്യമെങ്കിൽ സ്വീകരിക്കുന്നതാണ്.

താലോലം പദ്ധതി

305 (1779) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലോലം പദ്ധതിയിൽ ഉൾപ്പെടുത്തി, കുട്ടികൾക്കുണ്ടാവുന്ന ഏതെല്ലാം രോഗങ്ങളുടെ ചികിൽസക്ക് എത്ര രൂപവരെയാണ് ഫണ്ട് അനുവദിക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) നിലവിൽ ഏതെല്ലാം ആശുപത്രികളിൽ നിന്നുള്ള ചികിൽസയ്ക്കാണ് ഫണ്ട് അനുവദിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പരിയാരം മെഡിക്കൽ കോളേജിൽ താലോലം പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ എത്ര രൂപ നൽകിയിട്ടുണ്ട്; ഇനി എത്ര രൂപ കൊടുക്കുവാൻ കുടിശ്ശികയുണ്ട്; വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 18 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിൽസ നൽകി വരുന്ന പദ്ധതിയാണ് താലോലം. ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ, ഹൃദയ വൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പു സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാണ്. എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെ തുടർന്ന് കാസർഗോഡ് ജില്ലയിലെ രോഗബാധിതരുടെ ചികിൽസാ ചെലവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു. കൂടാതെ ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾ, അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിൽസയ്ക്കും സർജറിയ്ക്കും വേണ്ടുന്ന ചെലവുകൾ എന്നിവ സ്വന്തമായി വഹിക്കാൻ കഴിയാത്ത വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ സഹായം ലഭ്യമാക്കുന്നു. നിലവിൽ പദ്ധതിയിലൂടെ ചികിൽസാ ചെലവിന് പരിധി ഏർപ്പെടുത്തിയിട്ടില്ല.

(ബി) ചുവടെപ്പറയുന്ന 18 സർക്കാർ ആശുപത്രികളിലൂടെയാണ് താലോലം പദ്ധതി നടപ്പിലാക്കിവരുന്നത്.

1. ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം
2. ഗവൺമെന്റ് മെഡിക്കൽ കോളേജ്, തൃശ്ശൂർ
3. ഗവൺമെന്റ് മെഡിക്കൽ കോളേജ്, ആലപ്പുഴ
4. ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്
5. ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം
6. ഐ.എം.സി.എച്ച്., കോഴിക്കോട്
7. ഐ.സി.എച്ച്., കോട്ടയം
8. ഗവൺമെന്റ് മെഡിക്കൽ കോളേജ്, എറണാകുളം
9. കോപ്പറേറ്റീവ് മെഡിക്കൽ കോളേജ്, പരിയാരം, കണ്ണൂർ
10. ഗവൺമെന്റ് മെഡിക്കൽ കോളേജ് ചെസ്റ്റ് ഹോസ്പിറ്റൽ, തൃശ്ശൂർ
11. എസ്.സി.റ്റി.ഐ.എം.എസ്.റ്റി., തിരുവനന്തപുരം

12. ആർ.സി.സി., തിരുവനന്തപുരം

13. എസ്.എ.റ്റി., തിരുവനന്തപുരം

14. മലബാർ കാൻസർ സെന്റർ, കണ്ണൂർ

15. ജില്ലാ ആശുപത്രി, ആലുവ

16. ICCONS, ഷൊർണ്ണൂർ, മഞ്ചേരി, മലപ്പുറം

17. ICCONS, തിരുവനന്തപുരം

18. ഗവൺമെന്റ് മെഡിക്കൽ കോളേജ്, മഞ്ചേരി, മലപ്പുറം.

(സി) പരിയാരം മെഡിക്കൽ കോളേജിൽ രജിസ്റ്റർ ചെയ്ത കുട്ടികളുടെ ചികിൽസയ്ക്കായി നാളിതുവരെ 1,30,00,000 രൂപ ആശുപത്രിക്ക് അനുവദിച്ചിട്ടുണ്ട്. ഫണ്ട് തീരുന്ന മുറയ്ക്ക് ആശുപത്രി അധികൃതരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി/ഗവേണിംഗ് ബോഡിയുടെ അനുമതിക്ക് വിധേയമായി തുക അനുവദിക്കുന്നു.

ഫാമിലി കൗൺസിലിംഗ് സെന്ററുകളുടെ പ്രവർത്തനം

306(1780) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാമിലി കൗൺസലിംഗ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മാറി വരുന്ന സാമൂഹിക-സാംസ്കാരിക സാഹചര്യങ്ങളിൽ പ്രസ്തുത സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിലെ അന്വേഷണ ഉദ്യോഗസ്ഥർ ഫാമിലി കൗൺസിലിംഗ് സെന്ററുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു.

1354/2017

LIBRARY ARCHIVES Kerala Legislative Assembly